**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 574** **02-02-2023 - ൽ മറുപടിയ്ക്ക്**

**ടി.ഡി.എസ്. വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് അടക്കമുള്ള സ്ഥാപനങ്ങൾ മറ്റ സർക്കാർ ഇതര സ്ഥാപനങ്ങളുമായി ഉണ്ടാക്കുന്ന കരാർ വഴി 2.5 ലക്ഷം രൂപയിൽ കൂടുതലുള്ള സാധനങ്ങൾ വാങ്ങുമ്പോൾ ജി.എസ്.ടി. നിയമ പ്രകാരം ടി.ഡി.എസ്. കട്ട് ചെയ്യണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; | (എ) | പൊതുമേഖലാ സ്ഥാപനങ്ങൾ പരസ്പരമോ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരുമായോ നടത്തുന്ന വിതരണങ്ങൾക്ക് ജി.എസ്.ടി. നിയമപ്രകാരമുള്ള ടി.ഡി.എസ്. ബാധകമല്ല. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളോ സർക്കാരോ സ്വീകരിക്കുന്ന നികുതിവിധേയമായ ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണങ്ങൾക്ക് നൽകുന്ന പ്രതിഫലം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്നപക്ഷം ജി.എസ്.ടി. നിയമ പ്രകാരം ടി.ഡി.എസ് ബാധകമാണ്. |
| (ബി) | ജി.എസ്.ടി. നമ്പർ ഇല്ലാത്ത സ്ഥാപനങ്ങളുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് കരാർ ഉണ്ടാക്കുമ്പോൾ പർച്ചയ്സ് മാന്വൽ പ്രകാരം പാലിക്കേണ്ട മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (ബി) | ജി.എസ്.ടി. നമ്പർ ഉള്ള സ്ഥാപനങ്ങളിൽ നിന്നുമാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എല്ലാവിധ സാധനങ്ങളും വാങ്ങുന്നത്. ജി.എസ്.ടി. നിയമം ബാധകമല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് സംരംഭങ്ങൾക്കുവേണ്ടി കരാർ നൽകുന്ന സാഹചര്യത്തിലും സ്റ്റോർ പർച്ചേസ് നിയമ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്. |
| (സി) | സ്റ്റെപ്പസ് ഓയിൽ ഫീൽഡ് ആന്റ് എക്യുപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന വിദേശ സ്ഥാപനത്തിൽ നിന്നും N-95 മാസ്ക് വാങ്ങുക വഴി ജി.എസ്.ടി. ഈടാക്കാതെ സാമഗ്രികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വാങ്ങിയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ? | (സി) | സ്റ്റെപ്പ്സ് ഓയിൽ ഫീൽഡ് & എക്യൂപ്മെന്റ് ട്രേഡിംഗ് എൽ.എൽ.സി. എന്ന വിദേശ സ്ഥാപനത്തിൽ നിന്നും എൻ-95 മാസ്ക് വാങ്ങിയത് കോവിഡ് മഹാമാരി എന്ന അസാധാരണ സാഹചര്യത്തിൽ വിപണിയിൽ ടി സാധനത്തിന്റെ ദൗർലഭ്യം കണക്കിലെടുത്ത് ഒറ്റത്തവണ മാത്രമാണ്. |

സെക്ഷൻ ഓഫീസർ